പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. 5885 | 28/03/2018 ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

**'രാസപദാർത്ഥങ്ങൾ അടങ്ങിയ ജ്യൂസുകളുടെ വില്പന തടയാൻ നടപടി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എം.ഉമ്മർ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | ബേക്കറികൾ, ഐസ്ക്രീം പാർലറുകൾ, ജ്യൂസ് കടകൾ എന്നിവിടങ്ങളിൽ കൃത്രിമമായ രീതിയിൽ രാസപദാർത്ഥങ്ങൾ അടങ്ങിയതും ആരോഗ്യത്തിന് ഹാനികരമായതുമായ ജ്യൂസുകൾ തയ്യാറാക്കി വില്പന നടത്തുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | എ),<br>ബി)<br>&<br>സി) | ബേക്കറികൾ, ഐസ്ക്രീം പാർലറുകൾ, ജ്യൂസ് കടകൾ എന്നിവിടങ്ങളിൽ രാസപദാർത്ഥങ്ങൾ അടങ്ങിയതും ആരോഗ്യത്തിന് ഹാനികരമായതുമായ പദാർത്ഥങ്ങൾ അടങ്ങിയ ജ്യൂസ് വില്പനനടത്തുന്നതായി കണ്ടെത്തിയിട്ടില്ല. എന്നാൽ വൃത്തിഹീനമായ സാഹചര്യത്തിലും ശുദ്ധജലത്തിൽ നിർമ്മിക്കാത്ത ഐസ് ഉപയോഗിച്ച് ജ്യൂസ് നിർമ്മിക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമപ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ബി) | ഇത്തരം ജ്യൂസുകൾ ഉണ്ടാക്കി വില്പന നടത്തുന്നതിന് ആവശ്യമായ ചേരുവകളും മിക്സുകളും നിർമ്മിച്ച് കടകളിലെത്തിക്കുന്നവരെകുറിച്ച് എന്തെങ്കിലും അറിവുണ്ടോ; വിവരം കണ്ടെത്തുന്നതിന് ശ്രമിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; | | |
| സി) | ഇത് മൂലം വരും തലമുറയ്ക്ക് വരുന്ന ആരോഗ്യ വിപത്ത് മനസ്സിലാക്കി ഇത്തരം വൻകിട കച്ചവടക്കാർക്കെതിരെ നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ? | | |

സെക്ഷൻ ഓഫീസർ